©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 12**<br>Vol. XII | **തിരുവനന്തപുരം, ശനി**<br>Thiruvananthapuram, Saturday | **2023 ജൂൺ 03**<br>03rd June 2023<br>**1198 ഇടവം 20**<br>20th Idavam 1198<br>**1945 ജ്യേഷ്ഠം 13**<br>13th Jyaishta 1945 | **നമ്പർ**<br>No. | **1871** |

### കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

വിജ്ഞാപനം

ISO/NULM/017493/23 — 2023 ജൂൺ 2

കേരള തെരുവ് കച്ചവട ചട്ടം (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും), സ.ഉ.(പി)നമ്പർ 15/2018 അദ്ധ്യായം 2, ചട്ടം (5) പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ നഗര കച്ചവട സമിതിയിലേക്കുള്ള തെരുവ് കച്ചവടക്കാരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു. തെരുവ് കച്ചവട നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്ന ചുമതലകൾ കൂടാതെ തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവും പുനരധിവാസവും ആണ് നഗര കച്ചവട സമിതിയുടെ ചുമതല.

(ഒപ്പ്)
സെക്രട്ടറി
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻറെ ഭാഗമാകുന്നതല്ല. എന്നാൽ അതിൻറെ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിനു ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും നഗരങ്ങളിലെ തെരുവ് കച്ചവടം ബാഹ്യ ശക്തികളെ ഒഴിവാക്കി നഗരസഭകളുടെ നിയന്ത്രണത്തിലേക്ക് കൊണ്ടുവരുന്നതിനുമായി 2014 ഇന്ത്യൻ പാർലമെൻറ് തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) നിയമം പാസാക്കുകയുണ്ടായി. ഈ നിയമം വിഭാവനം ചെയ്യുന്നതനുസരിച്ച് സംസ്ഥാന സർക്കാർ 2018 മാർച്ച് 12 തീയ്യതികളിൽ തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടം വിജ്ഞാപനം ചെയ്യുകയുണ്ടായി. തെരുവ് കച്ചവടക്കാരുടെ ക്ഷേമവും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനും പുനരധിവാസത്തിനും, തെരുവ് കച്ചവട നിയമവുംചട്ടവും നടപ്പിലാക്കുന്നതിനും വേണ്ടിയാണ് നഗരസഭതലത്തിൽ നഗര കച്ചവട സമിതി നിലവിൽ വന്നിട്ടുള്ളത്. തെരുവ് കച്ചവട ചട്ടം അദ്ധ്യായം 2 ചട്ടം (5) പ്രകാരം പ്രസ്തുത സമിതിയിലേക്ക് തെരുവ് കച്ചവടക്കാരുടെ 9 പ്രതിനിധികളെ തെരഞ്ഞെടുപ്പിലൂടെ കണ്ടെത്തേണ്ടതുണ്ട്. ആയതിൻ പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ നഗരകച്ചവട സമിതി രൂപീകരിക്കുന്നതിനും തെരുവ് കച്ചവട പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു.

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.06.03 06:09:04 +05:30